# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 397 — 11.06.2013 -ൽ മറുപടിക്ക്

### കെ.എസ്.ആർ.ടി.സി. യിൽ പോയിന്റ് ഡ്യൂട്ടി സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>" എ.പി. അബ്ദുള്ളക്കുട്ടി<br>" ഐ. സി. ബാലകൃഷ്ണൻ<br>" വി.പി. സജീന്ദ്രൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ഏർപ്പെടുത്തിയ പോയിന്റ് ഡ്യൂട്ടി സംവിധാനം തുടരാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. ഏർപ്പെടുത്തിയ പോയിന്റ് ഡ്യൂട്ടി സംവിധാനം തുടരാൻ ഉദ്ദേശിക്കുന്നുണ്ട്. വിജിലൻസ് വിഭാഗത്തിലേയും ഓർഡിനറി വിഭാഗത്തിലേയും ഇൻസ്പെക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തിയാണ് പോയിന്റ് ഡ്യൂട്ടി സംവിധാനം ഏർപ്പെടുത്തിയത്. യാത്രക്കാരുടെ തിരക്ക് കൂടുതലായി അനുഭവപ്പെടുന്ന രാവിലെ 07.30 മുതൽ 10.30 വരെയും വൈകുന്നേരം 04.30 മുതൽ 06.30 വരെയും സംസ്ഥാനത്തെ 156 പ്രധാന കവലകളിൽ ഇൻസ്പെക്ടർമാരെ നിയോഗിച്ചാണ് പോയിന്റ് ഡ്യൂട്ടി സംവിധാനം ഏർപ്പെടുത്തിയത്. |
| (ബി) | പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) | പൊതുജനങ്ങൾക്ക് യാത്രാസൗകര്യം ഏർപ്പെടുത്തുന്നതോടൊപ്പം കെ.എസ്.ആർ.ടി.സി.യ്ക്ക് വരുമാന വർദ്ധനവും ലക്ഷ്യമാക്കിയാണ് പോയിന്റ് ഡ്യൂട്ടി സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. പോയിന്റ് ഡ്യൂട്ടി സംവിധാനം ഏർപ്പെടുത്തിയത് മൂലം സ്റ്റോപ്പുകളിൽ ട്രാഫിക് തടസ്സമുണ്ടാകാതെ ബസ്സുകൾ നിർത്തുമെന്ന് ഉറപ്പാക്കാനും ഓരോ ബസ്സിലും പരമാവധി യാത്രക്കാരെ കയറ്റിയയയ്ക്കാനും കോൺവോയ് ഒഴിവാക്കി റൂട്ടിൽ സമയക്രമം പാലിച്ച് സർവ്വീസ് നടത്തപ്പെടുന്നുവെന്ന് ഉറപ്പാക്കാൻ കഴിയുകയും അതുവഴി യാത്രക്കാർക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കാനും കോർപ്പറേഷന് വരുമാന വർദ്ധനവ് ഉണ്ടാകുന്നതിനും കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത സംവിധാനം നടപ്പാക്കിയതുമൂലം എത്രമാത്രം കളക്ഷൻ, കോർപ്പറേഷന് അധികമായി ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം; | (സി) | പോയിന്റ് ഡ്യൂട്ടി സംവിധാനം ഏർപ്പെടുത്തിയ ശേഷമുള്ള കളക്ഷൻ വർദ്ധനവ് കൃത്യമായി കണക്കാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ട്. ദിവസേന ഓപ്പറേറ്റ് ചെയ്യുന്ന സർവ്വീസുകളുടെ ഏറ്റക്കുറച്ചിൽ, ദിവസങ്ങളുടെ പ്രത്യേകത, ഓരോ ദിവസത്തേയും പ്രാദേശിക പ്രത്യേകതകൾ തുടങ്ങിയവ കാരണം കൃത്യമായ കണക്കെടുപ്പ് പ്രായോഗികമല്ല. എങ്കിലും ദിനംപ്രതി ഏകദേശം പത്ത് ലക്ഷം രൂപയുടെ അധിക വരുമാനം ഉണ്ടായതായി കണക്കാക്കുന്നുണ്ട്. |
| (ഡി) | സംസ്ഥാനത്തുടനീളം പ്രസ്തുത സംവിധാനം വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | ഇൻസ്പെക്ടർമാരുടെ കുറവു മൂലം പോയിന്റ് ഡ്യൂട്ടി സംവിധാനം സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഇൻസ്പെക്ടർമാരുടെ എണ്ണം വർദ്ധിപ്പിച്ചും മറ്റു ജീവനക്കാരുടെ സേവനം കൂടി പ്രയോജനപ്പെടുത്തിയും ടി സംവിധാനം വ്യാപിപ്പിക്കുന്നതിന് ആലോചനയുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ